File No.LSGD-FM2/48/2020-LSGD

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - രണ്ട് ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം-തിരുവനന്തപുരം ജില്ല ഒഴികെയുള്ള മറ്റ് ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തനതു ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.496/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി,28/02/2020**

---

പരാമർശം: - ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/02/2020ലെ LF/306/2020/2 Lakh House നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി, 29.02.2020 ശനിയാഴ്ച വൈകിട്ട് 4 മണിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൂർത്തീകരിച്ച ഭവനങ്ങളുടെ പൂർത്തീകരണ പ്രഖ്യാപന പരിപാടി വളരെ ഭംഗിയായ രീതിയിൽ സംഘടിപ്പിച്ച് വിജയിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ല ഒഴികെയുള്ള മറ്റ് ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത്- 15,000/- രൂപ (പതിനയ്യായിരം രൂപ), മുനിസിപ്പാലിറ്റി - 25,000/- രൂപ (ഇരുപത്തിഅയ്യായിരം രൂപ), കോർപ്പറേഷൻ - 50,000/- രൂപ (അൻപതിനായിരം രൂപ) എന്ന പ്രകാരം തുക ചെലവു ചെയ്യുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം മുഖേന )

ബന്ധപ്പെട്ട മുനിസിപ്പാലിറ്റുകൾ/കോർപ്പറേഷൻ(പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ